**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **11-02-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങരം പക്ഷിസങ്കേതം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ കോടംതുരുത്ത് പഞ്ചായത്തിൽ 'ചങ്ങരം പക്ഷിസങ്കേതം' ഒട്ടനവധി ദേശാടനപക്ഷികൾ എത്തുന്ന സ്ഥലമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ കോടംതുരുത്ത് പഞ്ചായത്തിൽ സീസണിൽ ഒട്ടനവധി ദേശാടനപക്ഷികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തെ വികസനത്തിനു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രദേശത്തെ വികസനത്തിനുവേണ്ടി വനം വകുപ്പ് പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും പക്ഷികളുടെ ആവാസ വ്യവസ്ഥയെക്കുറിച്ചും പക്ഷിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനത്തിനും ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുള്ളതും ടി പ്രദേശത്ത് അവബോധ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്തുമായി ചേർന്ന് പ്ലാസ്റ്റിക് നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും നടത്തിവരുന്നുണ്ട്. പക്ഷിനിരീക്ഷകരുടെ സഹകരണത്തോടെ ടി പ്രദേശം ഉൾപ്പെടുന്ന നീർത്തട പ്രദേശങ്ങളിൽ നീർപ്പക്ഷി സർവ്വേ, കരപ്പക്ഷി സർവ്വേ എന്നിവ എല്ലാവർഷവും നടത്തി വരുന്നു. |
| (സി) | പ്രസ്തുത പ്രദേശം വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണമുള്ള പ്രദേശമാണോ എന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രദേശം വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വന ഭൂമി അല്ല. |

സെക്ഷൻ ഓഫീസർ